**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**തിരുവനന്തപുരം, നടപടിക്രമം**

---

വിഷയം:- ആവഡ- ജീവനക്കാര്യം -പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ശിഖ സുഗതൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണൽ മുൻപാകെ ഫയൽ ചെയ്ത 1244/24 നമ്പർ കേസിന്മേലുള്ള 04/12/2024-ലെ ഉത്തരവ് അനുപാലിച്ചു കൊണ്ട് ഉത്തരവ്-പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഒ.എ 1244/2024 നം. കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ -ൻ്റെ 04/12/2024 തീയതിയിലെ ഉത്തരവ്

2. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ശിഖ സുഗതൻ സമർപ്പിച്ച Annexure A 12 പ്രകാരമുള്ള 02/82024 ലെ നിവേദനം.

3. സ.ഉ(സാധാ)നം. 1989/2023/ആ.കു.വ തീയതി 07/8/2023

4.ഉത്തരവ് നം.ഇ.ബി 4/17123/2024/ആവഡ തീയതി 02/12/2024

**<u>ഉത്തരവ് നം: ഇ.ബി 4/17123/2024/ആവഡ തീയതി: 04-01-2025</u>**

---

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ 2024 പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്) ഡോ.ശിഖ സുഗതൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണൽ മുൻപാകെ 1244/24 നമ്പർ ഒ.എ ഫയൽ

ചെയ്തിരുന്നു. ആയതിൽ പരാമർശം 1 പ്രകാരം ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ ഹർജിക്കാരി ആരോഗ്യ വകുപ്പ് ഡയറക്ടർക്കു സമർപ്പിച്ച Annexure 12 ഹർജി വിധിപപകർപ്പ് ലഭിച്ചു 2 ആഴ്ചകൾക്കകം രണ്ടാം റെസപ്പൊൻഡെന്റ് ആയ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ആലപ്പുഴ ജനറൽ ഹോസ്പിറ്റലിൽ പോസ്റ്റ് ചെയ്യണമെന്നുള്ള ഹർജിക്കാരിയുടെ ക്ലെയിം പരിഗണിക്കുമ്പോൾ പുനലൂർ താലൂക് ആസ്ഥാന ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ട ഡോ.പ്രവീൺ ,എംന്റെയും മറ്റുള്ളവരുടെയും അർഹത കൂടി പരിഗണിക്കണമെന്നു ട്രിബ്യൂണൽ വ്യക്തമാക്കിയിരുന്നു.

2. പരാമർശം 2 ലെ Annexure 12 നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് ഹർജിക്കാരി ഉന്നയിച്ചിരിക്കുന്നത് .

2023 ലെ പൊതുസ്ഥലമാറ്റത്തിൽ തന്നെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും not opted place ആയ അടിമാലി താലൂക്കാശുപത്രിയിലേക്ക് മാറ്റി നിയമിച്ചിരുന്നു.അതിന്മേൽ പരാമർശം 3ലെഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ ഇനി വരുന്ന ഒഴിവിൽ തന്നെ നിയമിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സർക്കാർ നിർദേശിച്ചിരുന്നു. 2024 ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.ഹാർഡ് കോപ്പി ഉചിത മാർഗ്ഗേണ സമർപ്പിച്ചിരുന്നു എങ്കിലും 2024 പൊതുസ്ഥലംമാറ്റ ഉത്തരവിൽ തന്നെ പരിഗണിച്ചില്ല. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലമാറ്റത്തിന്റെ അന്തിമ പട്ടികയിൽ ആലപ്പുഴ ജില്ലയിൽ പോസ്റ്റ് ചെയ്തിരുന്ന മെഡിക്കൽ ഓഫീസർമാർക്ക് തന്നെക്കാളും സ്റ്റേഷൻ സീനിയോറിറ്റി കുറവാണ്. ടി ഉത്തരവിലെ ക്രമ നം.14,15 ൽ ഉൾപ്പെടുത്തിയിരിക്കുന്ന മെഡിക്കൽ ഓഫീസർമാർമാരെ 15 കി.മീ ചുറ്റളവിനകത്തു സ്ഥിതി ചെയ്യുന്ന സ്ഥാപനത്തിൽ ആണ് നിയമിച്ചിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ 2024 പൊതുസ്ഥലംമാറ്റത്തിൽ താൻ അപേക്ഷിച്ചിരുന്ന ഓപ്ഷനുകളിൽ ഏതിലെങ്കിലോ അല്ലെങ്കിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലോ നിയമനം നൽകുന്നതിനായി തന്നെ പരിഗണിക്കണം.

3. മേൽപ്പറഞ്ഞ വാദഗതികൾ വിശദമായി പരിഗണിച്ചു.

പൊതുസ്ഥലംമാറ്റത്തിൽ ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ മാത്രമാണ് പരിഗണിക്കുന്നത്. എന്നാൽ 2024 പൊതുസ്ഥലംമാറ്റത്തിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ സ്ഥലംമാറ്റം നടത്തുന്ന വേളയിൽ ഡോ.ശിഖ സുഗതന്റെ ഓൺലൈൻ മുഖേനയുള്ള അപേക്ഷ ഈ ഓഫീസിൽ ലഭ്യമായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ഡോ.ശിഖ സുഗതനെ 2024 പൊതുസ്ഥലംമാറ്റത്തിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലമാറ്റത്തിൽ പരിഗണിച്ചിരുന്നില്ല. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ 2024 പൊതുസ്ഥലമാറ്റ ഉത്തരവിലെ ക്രമ നം.14,15 ൽ ഉൾപ്പെടുത്തിയിരുന്ന, ജില്ലാ ആശുപത്രി ചെങ്ങന്നൂർ-ലെ ഡോ.അരുൺ .എസ് .രാജ്-നെ ടിയാളുടെ ഒന്നാമത്തെ ഓപ്ഷൻ ആയ മാവേലിക്കര ജില്ലാ ആശുപത്രിയിലേക്കും, മാവേലിക്കര ജില്ലാ ആശുപത്രിയിലെ ഡോ.ശ്രീപ്രസാദ്-നെ ടിയാളുടെ ഒന്നാമത്തെ ഓപ്ഷൻ ആയ കായംകുളം താലൂക്കാസ്ഥാന ആശുപത്രിയിലേക്കും പരിഗണിച്ചിരുന്നു. ആയത് 15 കി.മീ ചുറ്റളവിനകത്തു സ്ഥിതി ചെയ്യുന്ന സ്ഥാപനമാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തിലേക്ക് eligible ആയിട്ടുള്ള വേറെ ആരും തന്നെ അപേക്ഷ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ആണ് ടി മെഡിക്കൽ ഓഫീസർമാർക്ക് സ്ഥലമാറ്റം നൽകിയത്. അപ്രകാരം ട്രാൻസ്ഫർ നല്കിയതിൽ അപാകത കാണുന്നില്ല. ആലപ്പുഴ ജില്ലയിൽ ഇനി വരുന്ന ഒഴിവിൽ അപേക്ഷകയെ നിയമിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സർക്കാർ നിർദേശിച്ചിരുന്നു. ആയത് പ്രകാരം പീഡിയാട്രിക്സ് വിഭാഗം കൺസൽട്ടൻറ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മുഖേന ആലപ്പുഴ ജില്ലയിൽ തുറവൂർ സി.എച്ച്.സി യിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്ന സാഹചര്യത്തിൽ സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് ഡോ.ശിഖ സുഗതന് ആലപ്പുഴ ജില്ലയിൽ തുറവൂർ സി.എച്ച്.സിയിൽ പരാമർശം 4 പ്രകാരം നിയമനം നൽകിയിരുന്നു. ടിയാൾ 17/12/24 FN നു

തുറവൂർ സി.എച്ച്.സിയിൽ ജോയിൻ ചെയ്തിട്ടുമുണ്ട്. അപേക്ഷക സമർപ്പിച്ചിട്ടുള്ള Annexure A12 ഹർജി പ്രകാരം ടിയാൾ opt ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിലവിൽ ഒഴിവ് ഇല്ലാത്തതിനാലും ആലപ്പുഴ ജനറൽ ആശുപത്രിയിലേക്ക് ഡോ.പ്രവീൺ.എം അർഹനായതിനാലും അപേക്ഷക സമർപ്പിച്ചിട്ടുള്ള Annexure A12 ഹർജിയിലെ ആവശ്യം അനുവദിക്കുവാൻ കഴിയില്ല. ആയത് നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ -ന്റെ ഒ.എ നമ്പർ 1244/24 കേസിന്മേലുള്ള പരാമർശം 1 വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

Signed by
Reena K J
Date: 04-01-2025 14:15:32

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ഡോ.ശിഖ സുഗതൻ ,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
2. ജില്ലാ മെഡിക്കൽ ഓഫീസർ,ആലപ്പുഴ